## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**അടിയന്തര ചോദ്യം നമ്പർ. 1** **11.12.2018 ൽ മറുപടിക്ക്**

### തിരുവനന്തപുരം വിമാനത്താവളത്തിന്റെ സ്വകാര്യവൽക്കരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.സി. ദിവാകരൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം സ്വകാര്യ മേഖലയ്ക്ക് കൈമാറാനുള്ള നടപടികൾ കൈക്കൊള്ളുവാൻ കേന്ദ്ര സർക്കാർ തീരുമാനിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) പ്രസ്തുത വിഷയത്തിൽ സർക്കാർ ഇടപെടാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (എ) യും (ബി) യും ഉണ്ട്. തിരുവനന്തപുരം വിമാനത്താവളത്തിന്റെ ടെർമിനലുകളുടെ വികസനവും പരിപാലനവും അടക്കമുള്ള മേഖലകൾ മത്സരാധിഷ്ഠിത ലേലത്തിലൂടെ കണ്ടെത്തുന്ന പൊതു-സ്വകാര്യ മേഖലയ്ക്ക് കൈമാറുന്നതിനുള്ള തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളത്. ഈ തീരുമാനം പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര വ്യോമയാന മന്ത്രിക്ക് 2 തവണ കത്ത് അയച്ചിട്ടുണ്ട്.വിമാനത്താവളങ്ങളുടെ നിർമ്മാണത്തിലും നടത്തിപ്പിലുമുള്ള സംസ്ഥാനത്തിന്റെ പരിചയം കണക്കിലെടുത്ത് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പും ഭാവി വികസന പ്രവർത്തനങ്ങളും സംസ്ഥാന സർക്കാരിനെ ഏൽപ്പിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. അതോടൊപ്പം ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സംഘം കേന്ദ്രത്തിലെ വ്യോമയാന മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കുന്നതിന് നിയോഗിച്ചിട്ടുള്ള സെക്രട്ടറിമാരുടെ സംഘവുമായി ഇതു സംബന്ധിച്ച് ചർച്ച നടത്തിയിട്ടുണ്ട്. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പും വികസനവും സംസ്ഥാനത്തിന്റെ അധീനതയിലുള്ള ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) മുഖേന നടപ്പിലാക്കണമെന്നും, നാളിതുവരെ വിമാനത്താവളത്തിനായി ഏറ്റെടുത്ത് നൽകിയ ഭൂമി വിലയ്ക്ക് തത്തുല്യമായ ഓഹരി സംസ്ഥാനത്തിന് നല്കണമെന്നുമുള്ള സർക്കാർ നിർദ്ദേശം അറിയിച്ചിട്ടുമുണ്ട്. കേരളത്തിന്റെ ആവശ്യത്തോട് കേന്ദ്രം അനുകൂല തീരുമാനം കൈക്കൊള്ളുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ